## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 917** **08-01-2014-ൽ മറുപടിക്ക്**

**കടമക്കുടി പഞ്ചായത്തിലെ മൂപ്പത്തടം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. ശർമ്മ. | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കടമക്കുടി പഞ്ചായത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുള്ള മൂപ്പത്തടം പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ വിശദീകരിക്കാമോ; | (എ) | കടമക്കുടി പഞ്ചായത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുള്ള മൂപ്പത്തടം പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള പണികൾ നടന്നുവരുന്നു. മാർച്ച് മാസം അവസാനത്തോടെ നിലവിലുള്ള പിഴല ഭൂതലടാങ്കിൽ പദ്ധതിയുടെ വെള്ളം എത്തിച്ച് പദ്ധതി ഭാഗികമായും ഉന്നതതല ടാങ്കുകളുടെ ജോലികൾ പൂർത്തീകരിച്ച് 2014 ജൂണിൽ പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ പുത്തൻപള്ളി ജംഗ്ഷനിൽ ദേശീയപാത ക്രോസ് ചെയ്യുന്നതിനുള്ള അനുമതി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. |
| (സി) | ഈ പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | 2014 മാർച്ച് മാസത്തിൽ ഭാഗികമായും 2014 ജൂൺ അവസാനത്തോടെ പൂർണ്ണമായും കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ